**കേരള സർക്കാർ**

പൊതുഭരണ വകുപ്പ് – കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ വിവിധമേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് അവർ സമൂഹത്തിന് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ച് "കേരള പുരസ്കാരങ്ങൾ" എന്ന നാമധേയത്തിൽ പരമോന്നത പുരസ്കാരങ്ങൾ ഏർപ്പെടുത്തുന്നു – മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (അതീവ രഹസ്യ)വകുപ്പ്**

**സ. ഉ (പി) നം. 27/2021/പൊ.ഭ.വ തിരുവനന്തപുരം, തീയതി 21.10. 2021**

---

**<u>ഉത്തരവ്</u>**

കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ വിവിധമേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയിട്ടുള്ള വ്യക്തിത്വങ്ങൾക്ക് കേരളപുരസ്കാരങ്ങൾ എന്ന പേരിൽ പരമോന്നത പുരസ്കാരങ്ങൾ നൽകുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുന്നു. പ്രസ്തുത പുരസ്കാരങ്ങളുടെ നിർണ്ണയം, പ്രഖ്യാപനം, വിതരണം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (അനുബന്ധം) അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. വി പി ജോയ്**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ
സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് മേധാവിമാർക്കും
രജിസ്ട്രാർ ഹൈക്കോടതി, എറണാകുളം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറി മാർക്കും
എല്ലാ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ വിവരപൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
വിവരപൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ)(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പകർപ്പ്

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സംസ്ഥാനത്തെ എല്ലാ എം.പി മാർക്കും എം.എൽ എ മാർക്കും

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

*അനുബന്ധം*



**വിവിധമേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് അവർ സമൂഹത്തിന് നൽകിയ സമഗ്രസംഭാവനകൾ പരിഗണിച്ച് കേരള സർക്കാർ ഏർപ്പെടുത്തുന്ന പരമോന്നത പുരസ്കാരങ്ങളുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ**

**പുരസ്കാരത്തിന്റെ പേര്**

സംസ്ഥാന സർക്കാർ ഏർപ്പെടുത്തുന്ന പരമോന്നത പുരസ്കാരത്തിന്റെ പേര് **"കേരള പുരസ്കാരങ്ങൾ"** എന്നാണ്.

**പുരസ്കാര വിഭാഗങ്ങൾ**

സംസ്ഥാന പുരസ്കാരങ്ങൾ **"കേരള ജ്യോതി", "കേരള പ്രഭ", "കേരള ശ്രീ"** എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായിട്ടാണ് നൽകുന്നത്

**പുരസ്കാരങ്ങളുടെ പരമാവധി എണ്ണം**

ഒന്നാമത്തെ പരമോന്നത സംസ്ഥാന ബഹുമതിയായ **കേരള ജ്യോതി പുരസ്കാരം** വിവിധമേഖലകളിലെ സമഗ്രസംഭാവനകൾ കണക്കിലെടുത്ത് വർഷത്തിൽ **ഒരാൾക്ക്** നൽകുന്നതാണ്.

രണ്ടാമത്തെ പരമോന്നത സംസ്ഥാന പുരസ്കാരമായ **കേരള പ്രഭ പുരസ്കാരം** വിവിധ മേഖലകളിലെ സമഗ്രസംഭാവനകൾ കണക്കിലെടുത്ത് വർഷത്തിൽ **രണ്ട്** പേർക്ക് നൽകുന്നതാണ്.

മൂന്നാമത്തെ പരമോന്നത സംസ്ഥാന പുരസ്കാരമായ **കേരള ശ്രീ പുരസ്കാരം** വിവിധ മേഖലകളിലെ സമഗ്രസംഭാവനകൾ കണക്കിലെടുത്ത് വർഷത്തിൽ **അഞ്ച്** പേർക്ക് നൽകുന്നതാണ്.

ആകെ പുരസ്കാരങ്ങളുടെ എണ്ണം ഒരു വർഷത്തിൽ 10 -ൽ അധികരിക്കുന്നതല്ല.

**പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതിനുള്ള യോഗ്യത**

കേരളപുരസ്കാരങ്ങൾക്ക് സംസ്ഥാനത്ത് ജനിച്ച് സംസ്ഥാനത്ത് താമസിച്ചുവരുന്ന/താമസിച്ചിരുന്ന ഭാരത പൗരൻമാരെയാണ് പരിഗണിക്കുന്നത്. ജോലി/ബിസിനസ്സ് സംബന്ധമായി രാജ്യത്തിന്റെ/ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിച്ചുവരുന്ന കേരളീയരെയും പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നതാണ്. ചില പ്രത്യേക സന്ദർഭങ്ങളിൽ വിദേശ രാജ്യങ്ങളിലെ പൗരൻമാരെയും വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരെയും ആദരിക്കുന്നതിന്റെ ഭാഗമായി കേരളത്തിന് പുറത്തുള്ളവരെയും കേരള പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നതാണ്. പ്രസ്തുതപുരസ്കാരങ്ങൾ മരണാനന്തര ബഹുമതിയായി നൽകുന്നതല്ല. ഒരിക്കൽ കേരള പുരസ്കാരം നേടിയ വ്യക്തികളെ 5 വർഷം കഴിഞ്ഞശേഷം മാത്രമേ മറ്റ് കേരള പുരസ്കാരങ്ങൾക്ക് പരിഗണിക്കുകയുള്ളൂ. പ്രത്യേക സാഹചര്യങ്ങളിൽ ഇക്കാര്യത്തിൽ സർക്കാരിന് ഇളവ് അനുവദിക്കാവുന്നതാണ്.

വർണ്ണം, വർഗ്ഗം, ലിംഗം, ജാതി, തൊഴിൽ, പദവി ഭേദമന്യേ ചുവടെപ്പറയുന്ന മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരെ കേരള പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നതാണ്.

1. **കല** - സിനിമ, നൃത്തം, സംഗീതം, വാദ്യോപകരണങ്ങൾ, പെയിന്റിംഗ്, ശിൽപകല, ഫോട്ടോഗ്രഫി, നാടകം, മാജിക്, നാടൻ കലകൾ തുടങ്ങി എല്ലാ കലാവിഭാഗങ്ങളും.

2. **<u>സാമൂഹ്യസേവനം</u>** - വിവിധമേഖലകളിൽ സമൂഹത്തിന് നൽകിയ സേവനം, ജീവകാരുണ്യ സേവനം, സാമൂഹിക പദ്ധതികളുടെ നടപ്പിലാക്കൽ മുതലായവ.
3. **<u>പൊതുകാര്യം -</u>** നിയമം, രാഷ്ട്രീയം, പൊതു സേവനം.
4. **<u>സയൻസ് & എൻജിനീയറിംഗ്</u>** - സ്പെയ്സ്, ന്യൂക്ലിയർ സയൻസ്, വിവര സാങ്കേതികം, ശാസ്ത്രഗവേഷണവും വികസനവുമായി ബന്ധപ്പെട്ട എല്ലാ ശാസ്ത്ര സാങ്കേതിക മേഖലകളും
5. **<u>വ്യവസായ-വാണിജ്യം</u>** - ബാങ്കിംഗ്, വ്യവസായം, സാമ്പത്തിക പ്രവർത്തനങ്ങൾ, മാനേജ്മെന്റ്, സഹകരണം, വിനോദസഞ്ചാരം, ബിസിനസ് തുടങ്ങി സംസ്ഥാനത്തെ സാമ്പത്തികമേഖലയെ പരിപോഷിപ്പിക്കുന്ന എല്ലാ വിഭാഗങ്ങളും.
6. **<u>സാഹിത്യം-</u>** കഥ, കവിത, നോവൽ, ജീവചരിത്രം, ബാലസാഹിത്യം, പത്രപ്രവർത്തനം, പരിഭാഷ, ഭാഷാപോഷണം തുടങ്ങി സാഹിത്യവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും
7. **<u>വിദ്യാഭ്യാസം</u>** - അദ്ധ്യാപനം, ഗവേഷണം, വിദ്യാഭ്യാസ പോഷണം, വിദ്യാഭ്യാസ പരിഷ്കാരങ്ങൾ, സാക്ഷരത തുടങ്ങി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും
8. **<u>ആരോഗ്യം</u>** - ആതുര സേവനം, ഗവേഷണം, മരുന്ന് നിർമ്മാണം, ആയുർവേദം. ഹോമിയോ, യുനാനി, സിദ്ധ, തുടങ്ങി ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും.
9. **<u>സിവിൽ സർവ്വീസ്</u>** - ഭരണ രംഗത്തെ മികവ്
10. **<u>കായികം</u>** - അത് ലറ്റിക്സ്, സാഹസികം, പർവ്വതാരോഹണം, യോഗ, ഗെയിംസ്, കായിക വികസനം തുടങ്ങി കായികവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും
11. **<u>മറ്റ് മേഖലകൾ</u>** - കൃഷി, മൽസ്യബന്ധനം തുടങ്ങിയ പ്രാഥമിക ഉൽപാദനമേഖലകൾ, സംസ്ഥാനത്തിന്റെ പുരോഗതിക്ക് വഴിയൊരുക്കുന്നവരും സംസ്ഥാനത്തെ സാംസ്കാരിക രംഗത്തെ പരിപോഷിപ്പിക്കുന്നവരും, മനുഷ്യാവകാശ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരും, സാമൂഹ്യ വനവല്ക്കരണം, വന്യജീവി സംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവയിൽ ഏർപ്പെടുന്നവരും തുടങ്ങി മേൽപ്പറഞ്ഞ മേഖലകളിൽ ഉൾപ്പെടാത്ത വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരുമായ മറ്റ് വിഭാഗങ്ങളും.

കേരള പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നവർക്ക് പ്രത്യേക അടിസ്ഥാന യോഗ്യത നിശ്ചയിക്കേണ്ടതില്ല. എന്നാൽ അവരവരുടെ മേഖലകളിലെ ആജീവനാന്ത സംഭാവനകൾ കണക്കിലെടുത്ത് പുരസ്കാരത്തിനുള്ള യോഗ്യത നിശ്ചയിക്കേണ്ടതാണ്. സർക്കാർ ഉദ്യോഗസ്ഥരെ ജോലിയിൽ നിന്നും വിരമിച്ചശേഷം മാത്രം പുരസ്കാരങ്ങൾക്കായി പരിഗണിക്കാവുന്നതാണ്.

**<u>കീർത്തിമുദ്രയുടെ രൂപകൽപന</u>**

കേരള പുരസ്കാരമായി ഒരു കീർത്തിമുദ്ര, സാക്ഷ്യപത്രം, കീർത്തിമുദ്രയുടെ ചെറിയ പതിപ്പ് എന്നിവ വിതരണം ചെയ്യുന്നതാണ്. കീർത്തിമുദ്രയിൽ സംസ്ഥാനചിഹ്നം, മലയാളത്തിലും ഇംഗ്ലീഷിലുമുള്ള രേഖപ്പെടുത്തലുകൾ, പുരസ്കാരം നൽകുന്ന വർഷം എന്നിവ പതിപ്പിക്കുന്നതാണ്. കീർത്തിമുദ്രയുടെ ചെറുപതിപ്പ് മെഡൽ രൂപത്തിലുള്ളതും സ്വർണ്ണം, വെള്ളി, ചെമ്പ് എന്നീ ലോഹങ്ങൾ കൊണ്ട് രൂപകൽപന ചെയ്തതും ആയിരിക്കും. പുരസ്കാര

ജേതാവ് ആഗ്രഹിക്കുകയാണെങ്കിൽ ആയത് സംസ്ഥാന ചടങ്ങുകളിൽ ധരിച്ചുകൊണ്ട് പങ്കെടുക്കാവുന്നതുമാണ്. കീർത്തിമുദ്ര, കീർത്തിമുദ്രയുടെ ചെറുപതിപ്പ്, സാക്ഷ്യപത്രം എന്നിവപ്രത്യേക രീതിയിൽ രൂപകൽപ്പന ചെയ്യേണ്ടതാണ്. ആയത് രൂപകൽപ്പന ചെയ്ത് അനുയോജ്യമായ രീതിയിൽ തയ്യാറാക്കി നൽകുന്നതിനുള്ള ഉത്തരവാദിത്വം സാംസ്കാരിക കാര്യ വകുപ്പിൽ നിക്ഷിപ്തമാണ്.

സംസ്ഥാനത്തെ ഉന്നത പുരസ്കാരമെന്ന നിലയിൽ വിശിഷ്ടമായി പരിഗണിക്കപ്പെടുന്ന അംഗീകാരമായതിനാൽ സംസ്ഥാന ഗവർണ്ണറുടെ കൈയ്യൊപ്പ് ചാർത്തിയ സാക്ഷ്യപത്രം നൽകേണ്ടതാണ്. പുരസ്കാരത്തിന്റെ ഭാഗമായി ക്യാഷ് അവാർഡുകൾ നൽകേണ്ടതില്ല.

**കേരള പുരസ്കാര ജേതാക്കൾ അവരുടെ പേരിനൊപ്പം പുരസ്കാരങ്ങളുടെ പേരുകൾ കൂടി ചേർത്ത് പ്രചരിപ്പിക്കാനോ പ്രദർശിപ്പിക്കാനോ പാടുള്ളതല്ല.**

**പുരസ്കാരങ്ങൾക്കുള്ള നാമനിർദ്ദേശം**

ഓരോ വിഭാഗത്തിലുമുള്ള പുരസ്കാരങ്ങളുടെ എണ്ണവും വിവരങ്ങളും വിജ്ഞാപനം ചെയ്തുകൊണ്ട് എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ പൊതുഭരണ വകുപ്പ് നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നതാണ്. സംസ്ഥാന പുരസ്കാരങ്ങൾക്കായി വ്യക്തികളിൽ നിന്നുള്ള സ്വന്തം അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല. എന്നാൽ ആർക്കും മറ്റുള്ളവരെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾ, മുൻസിപ്പൽ കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, സർവ്വകലാശാലകൾ, ജില്ലാ കളക്ടർമാർ, വിവിധ വകുപ്പ് മേധാവികൾ, വിവിധ വകുപ്പ് സെക്രട്ടറിമാർ എന്നിവർക്കും, സംസ്ഥാനത്തെ മന്ത്രിമാർ, എം.പി, എം.എൽ.എ തുടങ്ങിയ ജനപ്രതിനിധികൾക്കും വിവിധ രംഗങ്ങളിലെ സംഘടനകൾക്കും സംസ്ഥാനപുരസ്കാരങ്ങൾക്കായി പരിഗണിക്കേണ്ടവരുടെ പേരുകൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകയിൽ ശിപാർശ ചെയ്യാവുന്നതാണ്.

**പുരസ്കാര നിർണ്ണയ രീതി**

പുരസ്കാരങ്ങൾ ചുവടെപ്പറയുന്ന മൂന്ന് തലങ്ങളായി നിർണ്ണയിക്കേണ്ടതാണ്.

**പ്രാഥമിക പരിശോധനാ സമിതി** : ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും, ആഭ്യന്തരം, സാംസ്കാരികം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, കായിക-യുവജനക്ഷേമം എന്നീ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായി ഒരു പ്രാഥമിക പരിശോധനാ സമിതി (സെക്രട്ടറിതല സമിതി) പോരായ്മകൾ ഇല്ലാത്ത നാമനിർദ്ദേശങ്ങൾ പരിശോധിച്ച് അതിൽ നിന്നും ഓരോ പുരസ്കാരത്തിന്റെയും ആകെ എണ്ണത്തിന്റെ അഞ്ചിരട്ടി നാമനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു പട്ടിക തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

**ദ്വിതീയപരിശോധനാ സമിതി** : പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും, പ്രാഥമിക പരിശോധനാ സമിതി ശിപാർശ ചെയ്തിട്ടുള്ള വ്യക്തികൾ ഏതൊക്കെ മേഖലകളിലാണോ ഉൾപ്പെട്ടുവരുന്നത് ആ മേഖലകളിൽപ്പെട്ട വിശിഷ്ട വ്യക്തികൾ ഉൾക്കൊള്ളുന്ന (വിവിധ മേഖലകളിൽ നിന്നും പരമാവധി 6 അംഗങ്ങൾ) ഒരു ദ്വിതീയ പരിശോധനാ സമിതി രൂപീകരിക്കേണ്ടതാണ്. പ്രസ്തുത സമിതി പ്രാഥമിക പരിശോധനാ സമിതി സമർപ്പിച്ചിട്ടുള്ള പട്ടിക വിലയിരുത്തി അതിൽ നിന്നും ഓരോ പുരസ്കാരത്തിന്റെയും ആകെ എണ്ണത്തിന്റെ ഇരട്ടി അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു പട്ടിക തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

**അവാർഡ് സമിതി** : വിവിധ വിഭാഗങ്ങളിൽപ്പെട്ട ജൂറി അംഗങ്ങളെ (മൂന്നംഗങ്ങൾ) പ്രാഥമിക പരിശോധനാ സമിതി നാമനിർദ്ദേശം ചെയ്യേണ്ടതും ആയതിന് മുഖ്യമന്ത്രിയുടെ അംഗീകാരം തേടേണ്ടതുമാണ്.

ദ്വിതീയ പരിശോധനാ സമിതി തയ്യാറാക്കുന്ന സാദ്ധ്യതാ പട്ടികയിലുള്ളവരുടെ സ്വഭാവം-മുൻകാല ചരിത്രം എന്നിവ പോലീസ് ഇന്റലിജൻസ് വിഭാഗം മുഖേന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും അപ്രകാരം ക്ലിയറൻസ് ലഭിച്ചവരുടെ പട്ടിക മാത്രം അന്തിമ പുരസ്കാര നിർണ്ണയസമിതി മുൻപാകെ സമർപ്പിക്കേണ്ടതുമാണ്.

അവാർഡ് സമിതിയുടെ ശിപാർശയ്ക്ക് മന്ത്രിസഭയുടെ അംഗീകാരം തേടേണ്ടതാണ്.

**പുരസ്കാരം പ്രഖ്യാപിക്കുന്നതിനുള്ള തീയതി**

പുരസ്കാരം കേരളപ്പിറവി ദിനമായ നവംബർ 1 ന് പ്രഖ്യാപിക്കേണ്ടതാണ്. പുരസ്കാര ജേതാക്കളുടെ പേരുവിവരങ്ങൾ സംസ്ഥാന ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

**പുരസ്കാരം വിതരണം ചെയ്യുന്ന തീയതി**

പുരസ്കാര വിതരണത്തിന് അനുയോജ്യമായ തീയതി സർക്കാർ ബഹു. ഗവർണ്ണറുമായി കൂടിയാലോചിച്ച് തീരുമാനിക്കുന്നതും രാജ് ഭവനിൽ വച്ച് സംഘടിപ്പിക്കുന്ന പൊതു ചടങ്ങിൽവച്ച് വിതരണം ചെയ്യുന്നതുമാണ്.

**പുരസ്കാര പ്രഖ്യാപനവുമായി ബന്ധപ്പെട്ട സമയക്രമങ്ങൾ**

| ക്രമ നം. | നടപടി | സമയപരിധി |
|---|---|---|
| 1. | നാമനിർദ്ദേശം ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് | ഏപ്രിൽ 1 |
| 2. | നാമനിർദ്ദേശം സമർപ്പിക്കാനുള്ള അവസാന തീയതി | ജൂൺ 30 |
| 3. | പ്രാഥമിക പരിശോധനാ സമിതിയുടെ യോഗം ദ്വിതീയ പരിശോധനാ സമിതിയിലെ ജൂറി അംഗങ്ങളുടെ നിയമനം | ജൂലൈ 31 ന് മുൻപ് |
| 4. | ദ്വിതീയ പരിശോധനാ സമിതിയുടെ യോഗം | ആഗസ്റ്റ് 31 ന് മുൻപ് |
| 5. | ഇൻറലിജൻസ് ക്ലിയറൻസ് നേടേണ്ടത് | സെപ്തംബർ 30 ന് മുൻപ് |
| 6. | പുരസ്കാര സമിതിയുടെ യോഗം | ഒക്ടോബർ 15 ന് മുൻപ് |
| 7. | മുഖ്യമന്ത്രി/മന്ത്രിസഭയുടെയും അംഗീകാരം | ഒക്ടോബർ 31 ന് മുൻപ് |
| 8. | പുരസ്കാര പ്രഖ്യാപനം | നവംബർ 1 |
| 9. | പുരസ്കാര സമർപ്പണം | ഡിസംബർ |

***അനുബന്ധം***

**പ്രൊഫോർമ**

| നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ വിവരങ്ങൾ | | | |
|---|---|---|---|
| പേര് | | | ഫോട്ടോ |
| ജനനതീയതി | തീയതി: മാസം: വർഷം: | | വയസ്: |
| ലിംഗം | | | |
| സംസ്ഥാനം /ജില്ല/താലൂക്ക് | | | |
| ജനിച്ച സ്ഥലം | | | |
| മേൽവിലാസം | | | |
| ഇ-മെയിൽ അഡ്രസ് | | | |
| മൊബൈൽ നമ്പർ | | | |
| രാജ്യം | | | |
| ജോലി/തൊഴിൽ | | | |
| **നാമനിർദ്ദേശത്തിന്റെ വിശദാംശങ്ങൾ** | | | |
| പ്രവർത്തനമേഖല | | ഉപ മേഖല | |
| ഏത് കേരള പുരസ്കാരത്തിനാണ് ശിപാർശ | | | |
| പത്മ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് പുരസ്കാരം; വർഷം | | | |
| **നാമനിർദ്ദേശം ചെയ്യുന്ന വ്യക്തിയക്കുറിച്ചുള്ള ചെറുവിവരണം** | | | |
| | | | |
| **നാമനിർദ്ദേശം ചെയ്യപ്പെട്ടന്ന വ്യക്തി സമൂഹത്തിന് നൽകിയിട്ടുള്ള കാര്യമായ** | | | |

| സംഭാവനകൾ | |
|---|---|
| | |
| **നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ നേട്ടങ്ങൾ (പുരസ്കാരങ്ങൾ ഉൾപ്പെടെ)** | |
| | |
| **നാമനിർദ്ദേശ ചെയ്യപ്പെടുന്ന വ്യക്തിയുടെ പ്രവർത്തനങ്ങൾ ചെലുത്തിയ സ്വാധീനം** | |
| പ്രവർത്തനമേഖലയിലെ സംഭാവന | |
| സമൂഹത്തിനുള്ള സംഭാവന | |

**നാമ നിർദ്ദേശം ചെയ്യുന്ന ആളിന്റെ ഒപ്പ്**

*കുറിപ്പ്:- വിവരണങ്ങൾക്ക് **ആവശ്യമെങ്കിൽ** കൂടുതൽ പുറങ്ങൾ ഉപയോഗിക്കാവുന്നതാണ്. **ആവശ്യമായ രേഖകളുടെ പകർപ്പുകൾ ഉൾപ്പെടുത്തേണ്ടതാണ്.***

**കേരള സർക്കാർ**

പൊതുഭരണ വകുപ്പ് - കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ വിവിധമേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് അവർ സമൂഹത്തിന് നൽകിയ സമഗ്രസംഭാവനകൾ പരിഗണിച്ച് കേരള സർക്കാർ ഏർപ്പെടുത്തുന്ന പരമോന്നത പുരസ്കാരങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട തുടർനടപടികൾ – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (അതീവ രഹസ്യ)വകുപ്പ്**

**സ. ഉ (എം.എസ്) നം. 188/2021/പൊ.ഭ.വ തിരുവനന്തപുരം, തീയതി 21.10. 2021**

പരാമർശം:- 21-10-2021 ലെ സ. ഉ (പി)നം. 27/2021/പൊ.ഭ.വ നമ്പർ ഉത്തരവ്

## ഉത്തരവ്

കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ വിവിധമേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയിട്ടുള്ള വ്യക്തിത്വങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പരമോന്നത പുരസ്കാരങ്ങളുടെ നിർണ്ണയം, പ്രഖ്യാപനം, വിതരണം എന്നിവ സംബന്ധിച്ച് പരാമർശ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് താഴെപറയുന്ന വകുപ്പുകളെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1. കേരള പുരസ്കാരങ്ങളുമായി ബന്ധപ്പെട്ട നടപടികൾ സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിനുള്ള ചുമതല പൊതുഭരണ (എസ്.സി) വകുപ്പിനായിരിക്കും

2. കേരള പുരസ്കാരങ്ങളായ **"കേരള ജ്യോതി", "കേരള പ്രഭ", "കേരള ശ്രീ"** എന്നിവയുടെ ഭാഗമായി വിതരണം ചെയ്യേണ്ട കീർത്തിമുദ്ര, (Decorum) സാക്ഷ്യപത്രം (Certificate), കീർത്തിമുദ്രയുടെ ചെറിയ പതിപ്പ് (Medal) എന്നിവ അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്യുന്നതിന്റെ ചുമതല സാംസ്കാരികകാര്യ വകുപ്പിനാണ്. അപ്രകാരം രൂപകൽപ്പന ചെയ്യുന്ന കീർത്തിമുദ്ര, (Decorum) സാക്ഷ്യപത്രം (Certificate), കീർത്തിമുദ്രയുടെ ചെറിയ പതിപ്പ് (Medal) എന്നിവയ്ക്ക് ആദ്യതവണ പൊതുഭരണ വകുപ്പുമായി കൂടിയാലോചിച്ച് അംഗീകാരം തേടേണ്ടതും തുടർന്ന് പുരസ്കാരങ്ങളുടെ വിതരണത്തിനു മുൻപായി എല്ലാ വർഷവും അവ തയ്യാറാക്കി പൊതുഭരണ (എസ്.സി) വകുപ്പിന് കൈമാറേണ്ടതുമാണ്.

3. പുരസ്കാര നിർണ്ണയം, വിതരണം, അവാർഡ് സ്ക്രീനിംഗ് സമിതി അംഗങ്ങളായി തെരഞ്ഞെടുക്കുന്നവരുടെ പ്രതിഫലം, യാത്രാബത്ത എന്നിവയുൾപ്പെടെ പുരസ്കാരവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ അനുബന്ധ ചെലവുകളും പൊതുഭരണ (എസ്.എസ്) വകുപ്പിന്റെ നിയന്ത്രണത്തിൽ "ജീവൻ രക്ഷാ പുരസ്കാരങ്ങളുടെ" ചെലവ് വഹിക്കുന്നതിനുവേണ്ടി അനുവദിച്ചിട്ടുള്ള കണക്കിനത്തിൽ (Head of Account) നിന്നും വഹിക്കേണ്ടതാണ്. പ്രസ്തുത കണക്കിനത്തിൽ അധിക തുക വകയിരുത്തുന്നതിനും അടുത്ത സാമ്പത്തിക വർഷം മുതൽ സംസ്ഥാന ബജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്നതിനും വേണ്ട നടപടികൾ ധനകാര്യ

വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിക്കുന്നതിനുമുള്ള ചുമതല പൊതുഭരണ (എസ്.എസ്) വകുപ്പിനാണ്.

4. പുരസ്കാര നിർണ്ണയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട സമിതി അംഗങ്ങളുടെ താമസവും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കി നൽകുന്നതിന്റെയും പുരസ്കാര വിതരണ ചടങ്ങ് പ്രൗഢിയോടെ രാജ്ഭവനിൽ വച്ച് സംഘടിപ്പിക്കുന്നതിന്റെയും ചുമതല പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിനാണ്.

5. പുരസ്കാരത്തിനുള്ള നാമനിർദ്ദേശങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിലേക്കായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം (വെബ്സൈറ്റ്) കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ മുഖേന രൂപകൽപ്പന ചെയ്തു നൽകുന്നതിനുള്ള ചുമതല ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പിനാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ഡോ. വി പി ജോയ്**
**ചീഫ് സെക്രട്ടറി**

പ്രിൻസിപ്പൽ സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്
സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ (എസ്.എസ്/എസ്. സി) വകുപ്പുകൾ
അഡീഷണൽ സെക്രട്ടറി പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. സാംസ്കാരികകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-10-2021

ഫയൽ നം. 466/എസ്.സി.2/2021/പൊ.ഭ.വ.(എസ്.സി.) ഇനം നം: 326

വിഷയം : പൊതുഭരണ വകുപ്പ് - കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ വിവിധ മേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയിട്ടുള്ള വിശിഷ്ട വ്യക്തികൾക്ക് സംസ്ഥാന തലത്തിൽ പരമോന്നത സംസ്ഥാന ബഹുമതി ഏർപ്പെടുത്തുന്നത്.

18) തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ (എസ്.സി.) വകുപ്പ്.

326

**കേരള സർക്കാർ**

**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 466/എസ്.സി2/2021/പൊ.ഭ.വ (എസ്.സി) |
| 2 | വകുപ്പ് | : | പൊതുഭരണ (എസ്.സി) വകുപ്പ് |
| 3 | വിഷയം | : | കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ വിവിധ മേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയിട്ടുള്ള വിശിഷ്ട വ്യക്തികൾക്ക് സംസ്ഥാന തലത്തിൽ പരമോന്നത സംസ്ഥാന ബഹുമതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12.09.2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ആർ. ഗോപകുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18-10-2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 19.10.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 19.10.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പുകൾ

കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ വിവിധ മേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയിട്ടുള്ള വിശിഷ്ട വ്യക്തികൾക്ക് സംസ്ഥാന തലത്തിൽ പരമോന്നത സംസ്ഥാന ബഹുമതി ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് കുറിപ്പിലെ പ്രതിപാദ്യം.

2. 1954 മുതൽ കേന്ദ്രസർക്കാർ വിവിധ മേഖലകളിലെ വിശിഷ്ടവ്യക്തിത്വങ്ങൾക്ക് എല്ലാ വർഷവും രാജ്യത്തെ പരമോന്നത ബഹുമതിയായ പത്മ പുരസ്കാരങ്ങൾ നൽകി വരുന്നുണ്ട്. പത്മ വിഭൂഷൺ, പത്മ ഭൂഷൺ, പത്മ ശ്രീ എന്നീ മൂന്ന് വിഭാഗങ്ങളായാണ് പത്മ പുരസ്കാരങ്ങൾ നൽകി വരുന്നത്. വർണ്ണം, വർഗ്ഗം, ലിംഗം, തൊഴിൽ, പദവി തുടങ്ങിയവ വിവേചനങ്ങൾ ഇല്ലാതെ എല്ലാവരും പ്രസ്തുത പുരസ്കാരങ്ങൾക്ക് പരിഗണിക്കപ്പെടാൻ അർഹരാണ്. കല, സാമൂഹ്യസേവനം, പൊതുജനകാര്യം, സയൻസ് & എൻജിനീയറിംഗ് വാണിജ്യ-വ്യവസായം, വൈദ്യശാസ്ത്രം, സാഹിത്യം-വിദ്യാഭ്യാസം, പൊതുസേവനം, കായികം തുടങ്ങിയ വിഭാഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്നവർക്കാണ് പ്രസ്തുത പുരസ്കാരങ്ങൾക്ക് പരിഗണിക്കപ്പെടാൻ അർഹതയുള്ളത്.

3. ഓൺലൈനായാണ് പത്മ പുരസ്കാരങ്ങൾക്കുള്ള അപേക്ഷ/നോമിനേഷൻ സമർപ്പിക്കേണ്ടത്. വ്യക്തികൾക്ക് നേരിട്ടും സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരുകൾ കേന്ദ്രഭരണ പ്രദേശങ്ങൾ, മുൻപ് പത്മ പുരസ്കാരം, ഭാരതരത്നം എന്നീ പുരസ്കാരങ്ങൾ നേടിയിട്ടുള്ളവർ, കേന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകൾ മുഖേനയുള്ള നാമനിർദ്ദേശം വഴിയും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി എല്ലാ വർഷവും മെയ് 01 മുതൽ സെപ്തംബർ 15 വരെയാണ്. എല്ലാ വർഷവും പ്രധാനമന്ത്രി നിയമിക്കുന്ന, ക്യാബിനറ്റ് സെക്രട്ടറി തലവനും, ആഭ്യന്തര സെക്രട്ടറി, രാഷ്ട്രപതിയുടെ സെക്രട്ടറി, നാലു മുതൽ ആറ് വരെ വിശിഷ്ടവ്യക്തികൾ എന്നിവർ അംഗങ്ങളുമായ ഒരു പുരസ്കാര നിർണ്ണയ സമിതിയാണ് പുരസ്കാരത്തിന് അർഹരായവരെ കണ്ടെത്തുന്നത്. പുരസ്കാര നിർണ്ണയ സമിതിയുടെ ശിപാർശ പ്രധാനമന്ത്രിയുടെയും രാഷ്ട്രപതിയുടെയും അംഗീകാരത്തിനായി സമർപ്പിക്കുന്നു. എല്ലാ വർഷവും റിപ്പബ്ലിക് ദിനത്തിൽ പുരസ്കാരങ്ങൾ പ്രഖ്യാപിക്കുന്നു. രാഷ്ട്രപതി ഭവനിൽ സംഘടിപ്പിക്കുന്ന പ്രത്യേക ചടങ്ങിൽ വച്ച് പത്മ പുരസ്കാരങ്ങൾ നൽകി വരുന്നു.

4. പത്മ പുരസ്കാരങ്ങളുമായി ബന്ധപ്പെട്ട് അനുവർത്തിച്ചുവരുന്ന മേൽ വിവരിച്ച രീതിയിൽ വിവിധമേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയവർക്ക് സംസ്ഥാന തലത്തിൽ പരമോന്നത പുരസ്കാരങ്ങൾ ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ

പരിശോധിക്കുന്നതിനുവേണ്ടി ചീഫ് സെക്രട്ടറി 29.07.2021 ന് ബന്ധപ്പെട്ട സെക്രട്ടറിമാരുടെ ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. പ്രസ്തുത യോഗത്തിൽ പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ സംസ്ഥാന സർക്കാരിന്റെ പരമോന്നത പുരസ്കാരങ്ങൾ എല്ലാവർഷവും വിതരണം ചെയ്യുന്നതിന് ശിപാർശചെയ്യുകയും പ്രസ്തുത പുരസ്കാര നിർണ്ണയം, പ്രഖ്യാപനം, വിതരണം എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പൊതുഭരണ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

5. പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ വിവിധ മേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയിട്ടുള്ളവർക്ക് സംസ്ഥാന തലത്തിൽ പരമോന്നത സംസ്ഥാന ബഹുമതി ഏർപ്പെടുത്തുന്നതും ഇത് സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള കരട് മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിക്കുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയങ്ങൾ</u>**

1. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള രാജ്യത്തെ പരമോന്നത പുരസ്കാരങ്ങളായ പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ വിവിധമേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയവർക്ക് സംസ്ഥാന തലത്തിൽ പരമോന്നത പുരസ്കാരങ്ങൾ ഏർപ്പെടുത്താവുന്നതാണോ;
2. എങ്കിൽ പ്രസ്തുത പുരസ്കാരങ്ങൾക്ക് **"കേരള പുരസ്കാരങ്ങൾ"** എന്ന് പേരു നൽകാവുന്നതും അവ **"കേരള ജ്യോതി", "കേരള പ്രഭ", "കേരളശ്രീ"** എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി നിശ്ചയിക്കാവുന്നതുമാണോ;
3. പുരസ്കാരങ്ങളുടെ നിർണ്ണയം, പ്രഖ്യാപനം, വിതരണം എന്നിവ സംബന്ധിച്ച് അനുബന്ധമായി ചേർത്തിട്ടുള്ള വിശദമായ കരട് മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിക്കാവുന്നതാണോ;
4. പത്മ പുരസ്കാരങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പൊതുഭരണ (എസ്.സി) വകുപ്പിനെ ഇക്കാര്യത്തിനായി ചുമതലപ്പെടുത്താവുന്നതാണോ;
5. പുരസ്കാരങ്ങളുടെ ഭാഗമായി വിതരണം ചെയ്യുന്നതിനുള്ള കീർത്തിമുദ്ര, പ്രശംസാപത്രം, മെഡൽ എന്നിവ രൂപകൽപ്പന ചെയ്ത് വിതരണത്തിന് മുൻപായി തയ്യാറാക്കി നൽകുന്നതിന് സാംസ്കാരിക കാര്യവകുപ്പിനെ ചുമതലപ്പെടുത്താവുന്നതാണോ;

6. പുരസ്കാര നിർണ്ണയവുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കുന്ന സമിതി അംഗങ്ങളുടെ താമസസൗകര്യങ്ങളും മറ്റും ഒരുക്കി നൽകുന്നതിനും പുരസ്കാര വിതരണ ചടങ്ങ് പ്രൗഢിയോടെ രാജ് ഭവനിൽ വച്ച് സംഘടിപ്പിക്കുന്നതിനും പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിനെ ചുമതലപ്പെടുത്താവുന്നതാണോ;
7. പുരസ്കാര നിർണ്ണയം, വിതരണം, അവാർഡ് സ്ക്രീനിംഗ് സമിതി അംഗങ്ങളായി തെരഞ്ഞെടുക്കുന്നവരുടെ പ്രതിഫലം, യാത്രാബത്ത എന്നിവയുൾപ്പെടെ പുരസ്കാരവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ അനുബന്ധ ചെലവുകളും പൊതുഭരണ (എസ്.എസ്) വകുപ്പിന്റെ നിയന്ത്രണത്തിൽ "ജീവൻ രക്ഷാ പുരസ്കാരങ്ങളുടെ" ചെലവ് വഹിക്കുന്നതിനുവേണ്ടി അനുവദിച്ചിട്ടുള്ള കണക്കിനത്തിൽ (Head of Account) നിന്നും വഹിക്കാവുന്നതാണോ; എങ്കിൽ പ്രസ്തുത കണക്കിനത്തിൽ അധിക തുക വകയിരുത്തുന്നതിനുള്ള ആവശ്യമായ നടപടികൾ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിക്കാൻ പൊതുഭരണ (എസ്.എസ്) വകുപ്പിനെ ചുമതലപ്പെടുത്താവുന്നതാണോ;
8. പുരസ്കാരത്തിനുള്ള നാമനിർദ്ദേശങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിലേക്കായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം (വെബ്സൈറ്റ്) രൂപകൽപ്പന ചെയ്തു നൽകാൻ കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷനോട് ആവശ്യപ്പെടാവുന്നതാണോ.

അനുബന്ധം

## വിവിധ മേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് അവർ സമൂഹത്തിന് നൽകിയ സമഗ്രസംഭാവനകൾ പരിഗണിച്ച് കേരള സർക്കാർ ഏർപ്പെടുത്തുന്ന പരമോന്നത പുരസ്കാരവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ

വിവിധമേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയവർക്ക് കേരള സർക്കാർ ഏർപ്പെടുത്തുന്ന പരമോന്നത പുരസ്കാരങ്ങളുടെ നിർണ്ണയം, പ്രഖ്യാപനം, വിതരണം എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

### പുരസ്കാരത്തിന്റെ പേര്

സംസ്ഥാന സർക്കാർ ഏർപ്പെടുത്തുന്ന പരമോന്നത സംസ്ഥാന പുരസ്കാരത്തിന്റ പേര് "**കേരള പുരസ്കാരങ്ങൾ**" എന്നാണ്.

### പുരസ്കാര വിഭാഗങ്ങൾ

സംസ്ഥാന പുരസ്കാരങ്ങൾ **"കേരള ജ്യോതി", "കേരള പ്രഭ", "കേരള ശ്രീ"** എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായിട്ടാണ് നൽകുന്നത്

### പുരസ്കാരങ്ങളുടെ പരമാവധി എണ്ണം

ഒന്നാമത്തെ പരമോന്നത സംസ്ഥാന ബഹുമതിയായ **കേരള ജ്യോതി പുരസ്കാരം** വിവിധമേഖലകളിലെ സമഗ്രസംഭാവനകൾ കണക്കിലെടുത്ത് വർഷത്തിൽ **ഒരാൾക്ക്** നൽകുന്നതാണ്.

രണ്ടാമത്തെ പരമോന്നത സംസ്ഥാന പുരസ്കാരമായ **കേരള പ്രഭ പുരസ്കാരം** വിവിധ മേഖലകളിലെ സമഗ്രസംഭാവനകൾ കണക്കിലെടുത്ത് വർഷത്തിൽ **രണ്ട്** പേർക്ക് നൽകുന്നതാണ്.

മൂന്നാമത്തെ പരമോന്നത സംസ്ഥാന പുരസ്കാരമായ **കേരള ശ്രീ പുരസ്കാരം** വിവിധ മേഖലകളിലെ സമഗ്രസംഭാവനകൾ കണക്കിലെടുത്ത് വർഷത്തിൽ **അഞ്ച്** പേർക്ക് നൽകുന്നതാണ്.

ആകെ പുരസ്കാരങ്ങളുടെ എണ്ണം ഒരു വർഷത്തിൽ **10 ൽ** അധികരിക്കുന്നതല്ല.

### പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതിനുള്ള യോഗ്യത

കേരള പുരസ്കാരങ്ങൾക്ക് സംസ്ഥാനത്ത് ജനിച്ച് സംസ്ഥാനത്ത് താമസിച്ചുവരുന്ന/താമസിച്ചിരുന്ന ഭാരത പൗരൻമാരെയാണ് പരിഗണിക്കുന്നത്. ജോലി/ബിസിനസ്സ് സംബന്ധമായി രാജ്യത്തിന്റെ/ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ താമസിച്ചുവരുന്ന കേരളീയരെയും പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നതാണ്. ചില പ്രത്യേക സന്ദർഭങ്ങളിൽ വിദേശ രാജ്യങ്ങളിലെ പൗരൻമാരെയും വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരെയും ആദരിക്കുന്നതിന്റെ ഭാഗമായി കേരളത്തിനുപുറത്തുള്ളവരെയും കേരള പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നതാണ്. പ്രസ്തുത പുരസ്കാരങ്ങൾ മരണാനന്തര ബഹുമതിയായി

നൽകുന്നതല്ല. ഒരിക്കൽ കേരള പുരസ്കാരം നേടിയ വ്യക്തികളെ 5 വർഷം കഴിഞ്ഞശേഷം മാത്രമേ മറ്റ് കേരള പുരസ്കാരങ്ങൾക്ക് പരിഗണിക്കുകയുള്ളൂ. പ്രത്യേക സാഹചര്യങ്ങളിൽ ഇക്കാര്യത്തിൽ സർക്കാരിന് ഇളവ് അനുവദിക്കാവുന്നതാണ്.

വർണ്ണം, വർഗ്ഗം, ലിംഗം, ജാതി, തൊഴിൽ, പദവി ഭേദമന്യേ ചുവടെപ്പറയുന്ന മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവരെ കേരള പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നതാണ്.

1. **കല** - സിനിമ, നൃത്തം, സംഗീതം, വാദ്യോപകരണങ്ങൾ, പെയിന്റിംഗ്, ശിൽപകല, ഫോട്ടോഗ്രഫി, നാടകം, മാജിക്, നാടൻ കലകൾ തുടങ്ങി എല്ലാ കലാവിഭാഗങ്ങളും
2. **സാമൂഹ്യ സേവനം** - വിവിധ മേഖലകളിൽ സമൂഹത്തിന് നൽകിയ സേവനം, ജീവകാരുണ്യ സേവനം, സാമൂഹിക പദ്ധതികളുടെ നടപ്പിലാക്കൽ മുതലായവ.
3. **പൊതു കാര്യം** - നിയമം, രാഷ്ട്രീയം, പൊതു സേവനം.
4. **സയൻസ് & എൻജിനീയറിംഗ്** - സ്പെയ്സ്, ന്യൂക്ലിയർ സയൻസ്, വിവര സാങ്കേതികം, ശാസ്ത്ര ഗവേഷണവും വികസനവുമായി ബന്ധപ്പെട്ട എല്ലാ ശാസ്ത്ര സാങ്കേതിക മേഖലകളും
5. **വ്യവസായ-വാണിജ്യം** - ബാങ്കിംഗ്, വ്യവസായം, സാമ്പത്തിക പ്രവർത്തനങ്ങൾ, മാനേജ്മെന്റ്, സഹകരണം, വിനോദസഞ്ചാരം, ബിസിനസ് തുടങ്ങി സംസ്ഥാനത്തെ സാമ്പത്തിക മേഖലയെ പരിപോഷിപ്പിക്കുന്ന എല്ലാ വിഭാഗങ്ങളും.
6. **സാഹിത്യം**- കഥ, കവിത, നോവൽ, ജീവചരിത്രം, ബാലസാഹിത്യം, പത്രപ്രവർത്തനം, പരിഭാഷ, ഭാഷാപോഷണം തുടങ്ങി സാഹിത്യവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും
7. **വിദ്യാഭ്യാസം** - അദ്ധ്യാപനം, ഗവേഷണം, വിദ്യാഭ്യാസ പോഷണം, വിദ്യാഭ്യാസ പരിഷ്കാരങ്ങൾ, സാക്ഷരത തുടങ്ങി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും
8. **ആരോഗ്യം** - ആതുര സേവനം, ഗവേഷണം, മരുന്ന് നിർമ്മാണം, ആയുർവേദം. ഹോമിയോ, യുനാനി, സിദ്ധ, തുടങ്ങി ആരോഗ്യവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും.
9. **സിവിൽ സർവ്വീസ്** - ഭരണ രംഗത്തെ മികവ്
10. **കായികം** - അത് ലറ്റിക്സ്, സാഹസികം, പർവ്വതാരോഹണം, യോഗ, ഗെയിംസ്, കായിക വികസനം തുടങ്ങി കായികവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളും
11. **മറ്റ് മേഖലകൾ** - കൃഷി, മൽസ്യബന്ധനം തുടങ്ങിയ പ്രാഥമിക ഉൽപാദന മേഖലകൾ, സംസ്ഥാനത്തിന്റെ പുരോഗതിക്ക് വഴിയൊരുക്കുന്നവരും

സംസ്ഥാനത്തെ സാംസ്കാരിക രംഗത്തെ പരിപോഷിപ്പിക്കുന്നവരും, മനുഷ്യാവകാശ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരും, സാമൂഹ്യ വനവല്ക്കരണം, വന്യജീവി സംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവയിൽ ഏർപ്പെടുന്നവരും തുടങ്ങി മേൽപ്പറഞ്ഞ മേഖലകളിൽ ഉൾപ്പെടാത്ത വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരുമായ മറ്റ് വിഭാഗങ്ങളും.

കേരള പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നവർക്ക് പ്രത്യേക അടിസ്ഥാന യോഗ്യത നിശ്ചയിക്കേണ്ടതില്ല എന്നാൽ അവരവരുടെ മേഖലകളിലെ ആജീവനാന്ത സംഭാവനകൾ കണക്കിലെടുത്ത് പുരസ്കാരത്തിനുള്ള യോഗ്യത നിശ്ചയിക്കേണ്ടതാണ്. സർക്കാർ ഉദ്യോഗസ്ഥരെ ജോലിയിൽ നിന്നും വിരമിച്ചശേഷം മാത്രം പുരസ്കാരങ്ങൾക്കായി പരിഗണിക്കാവുന്നതാണ്.

## കീർത്തിമുദ്രയുടെ രൂപകൽപന

കേരള പുരസ്കാരമായി ഒരു കീർത്തിമുദ്ര, സാക്ഷ്യപത്രം, കീർത്തിമുദ്രയുടെ ചെറിയ പതിപ്പ് എന്നിവ വിതരണം ചെയ്യുന്നതാണ്. കീർത്തിമുദ്രയിൽ സംസ്ഥാന ചിഹ്നം, മലയാളത്തിലും ഇംഗ്ലീഷിലുമുള്ള രേഖപ്പെടുത്തലുകൾ, പുരസ്കാരം നൽകുന്ന വർഷം എന്നിവ പതിപ്പിക്കുന്നതാണ്. കീർത്തിമുദ്രയുടെ ചെറുപതിപ്പ് മെഡൽ രൂപത്തിലുള്ളതും സ്വർണ്ണം, വെള്ളി, ചെമ്പ് എന്നീ ലോഹങ്ങൾ കൊണ്ട് രൂപകൽപന ചെയ്തതും ആയിരിക്കും. പുരസ്കാര ജേതാവ് ആഗ്രഹിക്കുകയാണെങ്കിൽ ആയത് സംസ്ഥാന ചടങ്ങുകളിൽ ധരിച്ചുകൊണ്ട് പങ്കെടുക്കാവുന്നതുമാണ്. കീർത്തിമുദ്ര, കീർത്തിമുദ്രയുടെ ചെറുപതിപ്പ്, സാക്ഷ്യപത്രം എന്നിവ പ്രത്യേക രീതിയിൽ രൂപകൽപ്പന ചെയ്യേണ്ടതാണ്. ആയത് രൂപകൽപ്പന ചെയ്ത് അനുയോജ്യമായ രീതിയിൽ തയ്യാറാക്കി നൽകുന്നതിനുള്ള ഉത്തരവാദിത്വം സാംസ്കാരിക കാര്യ വകുപ്പിൽ നിക്ഷിപ്തമാണ്.

സംസ്ഥാനത്തെ ഉന്നത പുരസ്കാരമെന്ന നിലയിൽ വിശിഷ്ടമായി പരിഗണിക്കപ്പെടുന്ന അംഗീകാരമായതിനാൽ സംസ്ഥാന ഗവർണ്ണറുടെ കൈയ്യൊപ്പ് ചാർത്തിയ സാക്ഷ്യപത്രം നൽകേണ്ടതാണ്. പുരസ്കാരത്തിന്റെ ഭാഗമായി ക്യാഷ് അവാർഡുകൾ നൽകേണ്ടതില്ല.

**കേരള പുരസ്കാര ജേതാക്കൾ അവരുടെ പേരിനൊപ്പം പുരസ്കാരങ്ങളുടെ പേരുകൾ കൂടി ചേർത്ത് പ്രചരിപ്പിക്കാനോ പ്രദർശിപ്പിക്കാനോ പാടുള്ളതല്ല.**

## പുരസ്കാരങ്ങൾക്കുള്ള നാമനിർദ്ദേശം

ഓരോ വിഭാഗത്തിലുമുള്ള പുരസ്കാരങ്ങളുടെ എണ്ണവും വിവരങ്ങളും വിജ്ഞാപനം ചെയ്തുകൊണ്ട് എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ പൊതുഭരണ വകുപ്പ് നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നതാണ്.

സംസ്ഥാന പുരസ്കാരങ്ങൾക്കായി വ്യക്തികളിൽ നിന്നും സ്വയം അപേക്ഷ സ്വീകരിക്കേണ്ടതില്ല. എന്നാൽ ആർക്കും മറ്റുള്ളവരെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾ, മുൻസിപ്പൽ കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, സർവ്വകലാശാലകൾ, ജില്ലാ കളക്ടർമാർ, വിവിധ വകുപ്പ് മേധാവികൾ, വിവിധ വകുപ്പ് സെക്രട്ടറിമാർ എന്നിവർക്കും, സംസ്ഥാനത്തെ മന്ത്രിമാർ, എം.പി, എം.എൽ.എ തുടങ്ങിയ ജനപ്രതിനിധികൾക്കും വിവിധ രംഗങ്ങളിലെ സംഘടനകൾക്കും സംസ്ഥാനപുരസ്കാരങ്ങൾക്കായി പരിഗണിക്കേണ്ടവരുടെ പേരുകൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകയിൽ ശിപാർശ ചെയ്യാവുന്നതാണ്.

**<u>പുരസ്കാര നിർണ്ണയ രീതി</u>**

പുരസ്കാരങ്ങൾ ചുവടെപ്പറയുന്ന മൂന്ന് തലങ്ങളായി നിർണ്ണയിക്കേണ്ടതാണ്.

**<u>പ്രാഥമിക പരിശോധനാ സമിതി</u>** : ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും ആഭ്യന്തരം, സാംസ്കാരികം, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, കായിക-യുവജനക്ഷേമം എന്നീ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായി ഒരു പ്രാഥമിക പരിശോധനാ സമിതി (സെക്രട്ടറിതല സമിതി) പോരായ്മകൾ ഇല്ലാത്ത നാമനിർദ്ദേശങ്ങൾ പരിശോധിച്ച് അതിൽ നിന്നും ഓരോ പുരസ്കാരത്തിന്റെയും ആകെ എണ്ണത്തിന്റെ അഞ്ചിരട്ടി നാമനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു പട്ടിക തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

**<u>ദ്വിതീയപരിശോധനാ സമിതി</u>** : പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും, പ്രാഥമിക പരിശോധനാ സമിതി ശിപാർശ ചെയ്തിട്ടുള്ള വ്യക്തികൾ ഏതൊക്കെ മേഖലകളിലാണോ ഉൾപ്പെട്ടുവരുന്നത് ആ മേഖലകളിൽപ്പെട്ട വിശിഷ്ട വ്യക്തികൾ ഉൾക്കൊള്ളുന്ന (വിവിധ മേഖലകളിൽ നിന്നും പരമാവധി 6 അംഗങ്ങൾ) ഒരു ദ്വിതീയ പരിശോധനാ സമിതി രൂപീകരിക്കേണ്ടതാണ്. പ്രസ്തുത സമിതി പ്രാഥമിക പരിശോധനാ സമിതി സമർപ്പിച്ചിട്ടുള്ള പട്ടിക വിലയിരുത്തി അതിൽ നിന്നും ഓരോ പുരസ്കാരത്തിന്റെയും ആകെ എണ്ണത്തിന്റെ ഇരട്ടി അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു പട്ടിക തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

**<u>അവാർഡ് സമിതി</u>**

വിവിധ വിഭാഗങ്ങളിൽപ്പെട്ട ജൂറി അംഗങ്ങളെ (മൂന്നംഗങ്ങൾ) പ്രാഥമിക പരിശോധനാ സമിതി നാമനിർദ്ദേശം ചെയ്യേണ്ടതും ആയതിന് മുഖ്യമന്ത്രിയുടെ അംഗീകാരം തേടേണ്ടതുമാണ്.

ദ്വിതീയ പരിശോധനാ സമിതി തയ്യാറാക്കുന്ന സാദ്ധ്യതാ പട്ടികയിലുള്ളവരുടെ സ്വഭാവം-മുൻകാല ചരിത്രം എന്നിവ പോലീസ് ഇന്റലിജൻസ് വിഭാഗം മുഖേന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും അപ്രകാരം ക്ലിയറൻസ് ലഭിച്ചവരുടെ പട്ടിക മാത്രം അന്തിമ പുരസ്കാര നിർണ്ണയസമിതി മുൻപാകെ സമർപ്പിക്കേണ്ടതുമാണ്.

അവാർഡ് സമിതിയുടെ ശിപാർശയ്ക്ക് മന്ത്രിസഭയുടെ അംഗീകാരം തേടേണ്ടതാണ്.

**പുരസ്കാരം പ്രഖ്യാപിക്കുന്നതിനുള്ള തീയതി**

പുരസ്കാരം കേരളപ്പിറവി ദിനമായ നവംബർ 1 ന് പ്രഖ്യാപിക്കേണ്ടതാണ്. പുരസ്കാര ജേതാക്കളുടെ പേരുവിവരങ്ങൾ സംസ്ഥാന ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

**പുരസ്കാരം വിതരണം ചെയ്യുന്ന തീയതി**

പുരസ്കാര വിതരണത്തിന് അനുയോജ്യമായ തീയതി സർക്കാർ ബഹു. ഗവർണ്ണറുമായി കൂടിയാലോചിച്ച് തീരുമാനിക്കുന്നതും രാജ് ഭവനിൽ വച്ച് സംഘടിപ്പിക്കുന്ന പൊതു ചടങ്ങിൽ വച്ച് വിതരണം ചെയ്യുന്നതുമാണ്.

**പുരസ്കാര പ്രഖ്യാപനവുമായി ബന്ധപ്പെട്ട സമയക്രമങ്ങൾ**

| ക്രമ നം. | നടപടി | സമയപരിധി |
|---|---|---|
| 1. | നാമനിർദ്ദേശം ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത് | ഏപ്രിൽ 1 |
| 2. | നാമനിർദ്ദേശം സമർപ്പിക്കാനുള്ള അവസാന തീയതി | ജൂൺ 30 |
| 3. | പ്രാഥമിക പരിശോധനാ സമിതിയുടെ യോഗം ദ്വിതീയ പരിശോധനാ സമിതിയിലെ ജൂറി അംഗങ്ങളുടെ നിയമനം | ജൂലൈ 31 ന് മുൻപ് |
| 4. | ദ്വിതീയ പരിശോധനാ സമിതിയുടെ യോഗം | ആഗസ്റ്റ് 31 ന് മുൻപ് |
| 5. | ഇൻറലിജൻസ് ക്ലിയറൻസ് നേടേണ്ടത് | സെപ്തംബർ 30 ന് മുൻപ് |
| 6. | പുരസ്കാര സമിതിയുടെ യോഗം | ഒക്ടോബർ 15 ന് മുൻപ് |
| 7. | മുഖ്യമന്ത്രി/മന്ത്രിസഭയുടെയും അംഗീകാരം | ഒക്ടോബർ 31 ന് മുൻപ് |
| 8. | പുരസ്കാര പ്രഖ്യാപനം | നവംബർ 1 |
| 9. | പുരസ്കാര സമർപ്പണം | ഡിസംബർ |

**അനുബന്ധം**

## പ്രൊഫോർമ

**നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ വിവരങ്ങൾ**

പേര്

ഫോട്ടോ

ജനനതീയതി | തീയതി: | മാസം: | വർഷം: | വയസ്:

ലിംഗം (ആൺ/പെൺ)

സംസ്ഥാനം /ജില്ല/താലൂക്ക്

ജനിച്ച സ്ഥലം

മേൽവിലാസം

ഇ-മെയിൽ അഡ്രസ്

മൊബൈൽ നംബർ

രാജ്യം

ജോലി/തൊഴിൽ

**നാമനിർദ്ദേശത്തിന്റെ വിശദാംശങ്ങൾ**

പ്രവർത്തനമേഖല | ഉപ മേഖല

ഏത് കേരള പുരസ്കാരത്തിനാണ് ശിപാർശ

പത്മ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് പുരസ്കാരം; വർഷം

**നാമനിർദ്ദേശം ചെയ്യുന്ന വ്യക്തിയക്കുറിച്ചുള്ള ചെറുവിവരണം**

**നാമനിർദ്ദേശ ചെയ്യപ്പെടുന്ന വ്യക്തി സമൂഹത്തിന് നൽകിയിട്ടുള്ള കാര്യമായ സംഭാവനകൾ**

| |
|---|
| |
| നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ നേട്ടങ്ങൾ (പുരസ്കാരങ്ങൾ ഉൾപ്പെടെ) |
| |
| നാമനിർദ്ദേശ ചെയ്യപ്പെടുന്ന വ്യക്തിയുടെ പ്രവർത്തനങ്ങൾ ചെലുത്തിയ സ്വാധീനം |

| | |
|---|---|
| പ്രവർത്തനമേഖലയിലെ സംഭാവന | |
| സമൂഹത്തിനുള്ള സംഭാവന | |

നാമ നിർദ്ദേശം ചെയ്യുന്ന ആളിന്റെ ഒപ്പ്

*കുറിപ്പ്:- വിവരണങ്ങൾക്ക് **ആവശ്യമെങ്കിൽ** കൂടുതൽ പുറങ്ങൾ ഉപയോഗിക്കാവുന്നതാണ്. **ആവശ്യമായ രേഖകളുടെ പകർപ്പുകൾ ഉൾപ്പെടുത്തേണ്ടതാണ്.***